പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*225

05.10.2016 -ലെ മറുപടിയ്ക്ക്

## കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. മുഹമ്മദ് മുഹ്സിൻ.പി: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തോട്ടം മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കൃഷ്ണൻ നായർ കമ്മീഷൻ, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അറിയിക്കുമോ; | (എ) സമർപ്പിച്ചിട്ടുണ്ട്. ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) തോട്ടം തൊഴിലാളികൾ വസിക്കുന്ന ലയങ്ങളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അവ നവീകരിക്കാൻ കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ; | (ബി) തോട്ടം തൊഴിലാളികൾ വസിക്കുന്ന ലയങ്ങളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അവ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാന്റേഷൻ ലേബർ ആക്ടിലെ സെക്ഷൻ 8 പ്രകാരം കുടിവെള്ളം, 9 പ്രകാരമുള്ള ശൗചാലയങ്ങളെ സംബന്ധിച്ച്, സെക്ഷൻ 10 പ്രകാരം മെഡിക്കൽ ആനുകൂല്യങ്ങൾ, സെക്ഷൻ 12 പ്രകാരം ക്രഷ് സൗകര്യങ്ങൾ കൂടാതെയുള്ള ആനുകൂല്യങ്ങൾ, സെക്ഷൻ 15 പ്രകാരമുള്ള വാസസ്ഥലങ്ങളുടെ നവീകരണവും അറ്റകുറ്റപ്പണികളും തുടങ്ങിയവയെക്കുറിച്ച് ഓരോ തോട്ടങ്ങളിലും ഇപ്പോഴത്തെ അവസ്ഥ പരിശോധന നടത്തി സമയബന്ധിതമായി തുടർനടപടി സ്വീകരിക്കുവാനും, ആയത് സംബന്ധിച്ചുള്ള വിവരങ്ങളും പുരോഗതിയും അറിയിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) തോട്ടം തൊഴിലാളികൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള പദ്ധതിയെപ്പറ്റി ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ പ്ലാൻ ബഡ്ജറ്റിൽ 2230-01-103-15(പി) ശീർഷകത്തിൽ തോട്ടം തൊഴിലാളികളുടെ പുനരധിവാസ പദ്ധതിക്കായി 11.08.2016 തീയതിയിലെ സ.ഉ (സാധാ) നം. 1015/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതിയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

Sreedas (signature)
**സെക്ഷൻ ഓഫീസർ**

## പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ:-

1. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്ത [redacted] നിർത്തലാക്കണം.

2. തോട്ടം ഉടമകളിൽ നിന്നും [redacted] ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയോ അല്ലാത്തപക്ഷം 5 വർഷത്തേക്ക് മരവിപ്പിക്കുകയോ ചെയ്യണം.
3. വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതും ആൾതാമസമില്ലാത്തതുമായ ലയങ്ങളെ [redacted]നിന്നും ഒഴിവാക്കണം.
4. തോട്ടങ്ങളുടെ ഇന്നത്തെ അവസ്ഥ പരിഗണിച്ച് [redacted]ൽ ആവശ്യമായ ഇളവ് അനുവദിക്കേണ്ടതാണ്.

5. തോട്ടങ്ങളിൽ നിന്നും റബ്ബർമരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് [redacted]ടാക്കുന്നത് നിർത്തലാക്കണം.
6. ദശാബ്ദങ്ങളുടെ പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ എല്ലാ ലയങ്ങളും പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് നൽകണം. അത്തരം കെട്ടിടങ്ങളെ [redacted]എന്ന് നാമകരണം ചെയ്യണം. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണം.
7. തോട്ടം തൊഴിലാളികൾക്ക് [redacted]ലാക്കണം. ഇതിനാവശ്യമായ നിയമഭേദഗതികൾ വരുത്തണം.

8. കാലാവസ്ഥാ വ്യതിയാനം തോട്ടവിളകളായ തേയില, ഏലം, കാപ്പി എന്നിവയ്ക്ക് ഭീഷണിയായതിനാൽ തോട്ടങ്ങളിൽ [redacted]ചെയ്യുന്നതിന് അനുവദിക്കണം. ഇക്കാര്യത്തിൽ നിയമഭേദഗതി ആവശ്യമെങ്കിൽ വരുത്താവുന്നതാണ്.

9. തോട്ടങ്ങളുടെ പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് [redacted] ആയതുവഴി തൊഴിൽ നഷ്ടവും ഉത്പാദന നഷ്ടവും ഉണ്ടാകാതെ നോക്കേണ്ടതാണ്.

10. [redacted]ന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കേണ്ടതാണ്.

11. [redacted] എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ളൈസ് കോർപ്പറേഷൻ പേലുള്ള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി [redacted]യും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണം.

12. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ [redacted] അല്ലെങ്കിൽ [redacted]രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണം.

13. പ്രതിസന്ധിയുടെ കാരണം പറഞ്ഞ് തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്ക്കരിക്കാതിരിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ ജീവിത നിലവാരത്തിനനുസരിച്ച് [redacted]കാലാകാലങ്ങളിൽ നടപ്പിലാക്കേതാണ്.

14. പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നപരിഹാരത്തിന് സുവ്യക്തമായ ഒരു [redacted]ംസ്ഥാന സർക്കാർ പ്രഖ്യാപിക്കേണ്ടതാണ്.

............

(17)

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - പ്ലാൻ - 2016-17 – അസംഘടിതരായ പാവപ്പെട്ട തൊഴിലാളികൾക്കുള്ള ചെലവു കുറഞ്ഞ ഭവന നിർമ്മാണവും തോട്ടം തൊഴിലാളികളുടെ പുനരധിവാസവും പദ്ധതി - തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു

---

**തൊഴിലും നൈപുണ്യവും (ഡി)വകുപ്പ്**

സ.ഉ.(സാധാ)നം.1015/2016/തൊഴിൽ        തീയതി, തിരുവനന്തപുരം: 11.08.2016

---

പരാമർശം: 20.07.2016 ലെ ലേബർ കമ്മീഷണറുടെ പി(1) 7725/2016 നമ്പർ കത്ത്.

**ഉത്തരവ്**

2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന പ്ലാൻ ബഡ്ജറ്റിൽ 2230-01-103-15-(പി) ശീർഷകത്തിൽ അസംഘടിതരായ പാവപ്പെട്ട തൊഴിലാളികൾക്കുള്ള ചെലവു കുറഞ്ഞ ഭവന നിർമ്മാണവും ( 250 ലക്ഷം ) രൂപ തോട്ടം തൊഴിലാളികളുടെ പുനരധിവാസവും ( 250 ലക്ഷം രൂപ) പദ്ധതികൾക്കായി ആകെ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ലേബർ കമ്മീഷണർ സൂചന (1) പ്രകാരം ജനനി പ്രോജക്റ്റ് - ആക്കുളം സ്കീമിന് 250 ലക്ഷം രൂപയും ലയങ്ങളുടെ പുനരുദ്ധാരണം നടത്തുന്ന ഭവനം പ്രോജക്ടിന് 250 ലക്ഷം രൂപയുമുള്ള ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.ടി ശുപാർശ 28.07.2016-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന പ്ലാൻ ബഡ്ജറ്റിൽ 2230-01-103-15-(പി) ശീർഷകത്തിൽ അസംഘടിതരായ പാവപ്പെട്ട തൊഴിലാളികൾക്കുള്ള ചെലവു കുറഞ്ഞ ഭവന നിർമ്മാണവും ( 250 ലക്ഷം ) രൂപയും തോട്ടം തൊഴിലാളികളുടെ പുനരധിവാസവും ( 250 ലക്ഷം) രൂപ പദ്ധതികൾക്കായി ആകെ 500 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതിയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതിയും ലേബർ കമ്മീഷണർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

പി.കെ.സീതാലക്ഷ്മി അമ്മ

അഡീഷണൽ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, ഭവനം ഫൗണ്ടേഷൻ കേരള T.C. 13/287/1, പനച്ചമൂട്ടിൽ, മുളവന ജംഗ്ഷൻ, കുന്നുകുഴി, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം -35

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്

ധനകാര്യ വകുപ്പ്

തൊഴിൽ (ജെ) വകുപ്പ്

കരുതൽ ശേഖരം / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ